**കൈത്താക്കാലം അഞ്ചാം ഞായർ - 2016 ജൂലൈ 31**

(ലൂക്കാ. 16: 19-31)

**വചനസന്ദേശം: റവ.ഫാ. ലെനിൽ മൂഞ്ഞേലി**

ആമുഖം: ലൂക്കാ സുവിശേഷത്തിലെ ആഴമായ വിചിന്തനങ്ങൾക്കു വിഷയമാക്കാവുന്ന ഒരു സുവിശേഷകഥയാണു ധനവാനും ലാസറും. സമ്പത്തു വ്യയം ചെയ്യേണ്ടതിൽ ക്രിസ്തുശിഷ്യൻ പാലിക്കേണ്ട മനോഭാവത്തെ വിശദമാക്കുന്ന മൂന്ന് ഉപമകളാണു ലൂക്കാ 15, 16 അദ്ധ്യായങ്ങളിൽ തുടർച്ചയായി നല്കുന്നത്. ധൂർത്തപുത്രന്റെ ഉപമയിൽ സമ്പത്തു ധൂർത്തടിച്ചു നശിപ്പിക്കരുതെന്നും അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമയിൽ സമ്പത്തു സൂക്ഷ്മബുദ്ധിയോടെ കൈകാര്യം ചെയ്യണമെന്നും ഇന്നത്തെ ധനവാന്റെയും ലാസറിന്റെയും ഉപമയിൽ സമ്പത്തു പങ്കുവയ്ക്കപ്പെടാനുള്ളതാണെന്നും പങ്കുവയ്ക്കപ്പെടാത്തതൊക്കെയും മരണകരമായ പാപമാണെന്നും സമ്പത്തുകൊണ്ടു ദൈവത്തെ വിലയ്ക്കെടുക്കാൻ കഴിയുകയില്ലെന്നും ഓർമിപ്പിക്കുന്നു.

**യഥാർത്ഥ ദാരിദ്ര്യം:** ലൂക്കായുടെ സുവിശേഷം ഒത്തിരിയേറെ വിശേഷണങ്ങൾക്ക് അർഹമാണ്. ഇന്നത്തെ സുവിശേഷ വായന ലൂക്കാ സുവിശേഷത്തെ - പാവങ്ങളുടെ സുവിശേഷം (Gospel of the Poor) എന്ന വിശേഷണത്തിനർഹമാക്കുന്നു. സങ്കീ. 9, 19-ൽ നാം ഇപ്രകാരം വായിക്കുന്നു. “ദരിദ്രൻ എന്നേക്കും വിസ്മരിക്കപ്പെടുകയില്ല. പാവങ്ങളുടെ പ്രത്യാശ എന്നേയ്ക്കുമായി അസ്തമിക്കുകയില്ല.” ലാസർ എന്ന ദരിദ്രൻ അനശ്വരനാവുകയും അവന്റെ ജീവിതകഥ അനേകർക്കു പ്രത്യാശയുടെ അടയാളമായി ദൈവം ഉയർത്തുകയും ചെയ്തു. ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ യഥാർത്ഥ ദാരിദ്ര്യത്തെക്കുറിച്ചാണു നാം ചിന്തിക്കുന്നത്. സുവിശേഷവിവരണത്തിന്റെ ആദ്യഭാഗത്തു ധനികനായ മനുഷ്യനും ദരിദ്രനായ ലാസറും. എന്നാൽ കഥാസമാപ്തിയിൽ നാം കാണുന്നു ധനികനായ ലാസറിനെയും ദരിദ്രനായ ധനവാനെയുമാണ്. ദാരിദ്ര്യത്തെക്കുറിച്ചുള്ള പൊതുവായ വ്യാഖ്യാനം അതു സാമ്പത്തികമായ ഒരു കുറവ് എന്താണ്. എന്നാൽ സുവിശേഷം ദാരിദ്ര്യത്തെക്കുറിച്ചുള്ള വ്യക്തവും ആത്യന്തികവുമായ വ്യാഖ്യാനം പറഞ്ഞുവയ്ക്കുന്നത് ഇപ്രകാരമാണ് - ദൈവത്തെ ആവശ്യമുള്ളവരെല്ലാം യഥാർത്ഥത്തിൽ ദരിദ്രരാണ്. ദൈവം അഭയമായിട്ടില്ലാത്തവർ, ദൈവം ജീവിതത്തിൽ ഒരു അത്യാവശ്യമായി (ിലരലശൈ്യേ) അനുഭവപ്പെടാത്തവരെല്ലാം ദരിദ്രരാണ്. സുവിശേഷത്തിലെ ധനവാനു ദൈവമൊഴികെ, ഈ ലോകത്തിലെ സൗകര്യങ്ങളെല്ലാം ഉണ്ടായിരുന്നു. അവനു വീട്, വിലപ്പെട്ട വസ്ത്രങ്ങൾ, സുഭിക്ഷമായ ഭക്ഷണം ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ പരിചാരകൻ... ഇങ്ങനെ ലോകദൃഷ്ട്യാ ഒരുവനെ ധനവാനെന്നു വിളിക്കാവുന്ന എല്ലാം. ദൗർഭാഗ്യകരമെന്നു പറയട്ടെ പക്ഷേ, ഇതെല്ലാം അവന് ഒരുക്കിക്കൊടുത്ത ദൈവം മാത്രം അവനില്ലായിരുന്നു. സ്വന്തമായി ഒരു പേരുപോലും ഇല്ലാത്ത ഒരു ധനവനായിരുന്നു അവൻ. ദൈവത്തെ സ്വന്തമാക്കാൻ സാധിക്കാത്തവർക്ക് അസ്തിത്വം പോലും അപ്രസക്തമാകുന്നു.

സമ്പത്തിൽ മാത്രം ആശ്രയിക്കുകയും എന്നാൽ ദൈവത്തെ തിരസ്കരിക്കുകയും ചെയ്യുന്ന ‘ദരിദ്രരായ’ ധനവാന്മാർ നാടുവാഴുന്ന ഒരു കാലഘട്ടത്തിലൂടെയാണു സഭ കടന്നുപോകുന്നത്. ദൈവത്തെ ഭയമില്ലാത്ത, നിത്യശിക്ഷയെക്കുറിച്ചു വ്യാകുലപ്പെടാത്ത അതിഭൗതികമായ ഒരു സംസ്കാരം ഇന്നു ലോകത്തിൽ ശക്തിപ്പെടുകയാണ്. അതിന്റെ ഫലമായി അനുദിനം ദരിദ്രർ സൃഷ്ടിക്കപ്പെടുകയും ദാരിദ്ര്യം ഒരു നിത്യസംവിധാനമായി മാറുകയും ചെയ്യുന്നു. ലൗകികതയുടെ കൊഴുപ്പടിഞ്ഞ്, ദരിദ്രർക്കു നേരെ കണ്ണുകൾ തുറക്കാൻപോലും സാധിക്കാത്ത രോഗാതുരമായ നിസ്സംഗത ബാധിച്ച ധനവാന്മാരുടെ എണ്ണം വർധിക്കുകയാണ്. ദൈവം നല്കിയ സമ്പന്നതയിൽ അവിടുത്തെ മറന്നു സുഭിക്ഷതയിലും തിന്മയിലും മുഴുകുന്നവർക്ക് ഈ ലോകത്തിൽ നഷ്ടവും പരലോകത്തിൽ നരകവും ലഭിക്കുമെന്നു വചനം താക്കീതു നല്കുന്നുണ്ട്. “സൂര്യനു കീഴേ ഞാൻ വലിയൊരു തിന്മ കണ്ടു. ധനികൻ തന്റെതന്നെ നാശത്തിനു മുതൽ സൂക്ഷിക്കുന്നു. ഒരു സാഹസയത്നത്തിൽ അതു നഷ്ടപ്പെടുന്നു” (സുഭാ. 5:13-14). എല്ലാം കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുമ്പോഴും ദൈവത്തെ മാത്രം സ്വന്തമാക്കാൻ സാധിക്കാതെ പോകുന്നതാണു യഥാർത്ഥ ദാരിദ്ര്യം. ലോകത്തിന്റ ദൃഷ്ടിയിൽ അവൻ ഒന്നുമില്ലാത്തവനാകുന്നു. അതുകൊണ്ടു സുവിശേഷം അവതരിപ്പിക്കുന്ന യഥാർത്ഥ ദാരിദ്ര്യാവസ്ഥ എന്നിലുണ്ടോ എന്ന് ഓരോരുത്തരും ആത്മശോധന ചെയ്യട്ടെ. ദൈവത്തെ പ്രാണവായുവിനു തുല്യം ജീവിതത്തിൽ വിലമതിക്കുമ്പോഴാണു നാം യഥാർത്ഥത്തിൽ സമ്പന്നരാകുന്നത്.

ഒരിക്കൽ ഒരു ധനികൻ ദൈവാനുഭവം തേടി പുഴയോരത്തെ ആശ്രമത്തിലെത്തി. ഗുരുവിനെ

കണ്ട് ആഗ്രഹം ബോധിപ്പിച്ചു. ധനികന്റെ ആഗ്രഹം കേട്ട ഗുരു അവനോടു പിന്നീടു വരാൻ പറഞ്ഞു. ധനവാൻ ഓരോ തവണയും വരുമ്പോഴും ഗുരു അവനെ തിരികെ പറഞ്ഞയയ്ക്കുമായിരുന്നു. ധനികനായ മനുഷ്യനു ഗുരുവിനോട് അമർഷം തോന്നി. പണം കൊടുക്കാത്തതുകൊണ്ടാകാം ഗുരു തന്നെ അവഗണിക്കുന്നതെന്നു വിചാരിച്ച് അവൻ സ്വർണനാണയങ്ങളും വിലയേറിയ വസ്തുക്കളുമായി ഗുരുവിനെ സമീപിച്ചു. ഈ പ്രാവശ്യം ഗുരു അവനെ പുഴയിലേക്കു കൊണ്ടുപോയി. രണ്ടുപേരും പുഴയിലിറങ്ങി. പെട്ടെന്നു ഗുരു ധനികന്റെ കഴുത്തിനു പിടിച്ച് അവനെ വെള്ളത്തിൽ മുക്കിപ്പിടിച്ചു. പെട്ടെന്നുണ്ടായ ഈ അനുഭവത്തിൽ പ്രാണവായുവിനുവേണ്ടി അയാൾ പിടഞ്ഞു. അല്പനിമിഷത്തിനുശേഷം ഗുരു അയാളെ വെള്ളത്തിൽനിന്നും പൊക്കിയെടുത്തു. ക്ഷുഭിതനായ ധനികനോടു ഗുരു ശാന്തമായി പറഞ്ഞു: വെള്ളത്തിനടിയിൽ പ്രാണവായുവിനുവേണ്ടി നീ എത്രമാത്രം തീവ്രമായി ആഗ്രഹിച്ചോ അത്രമാത്രം തീവ്രതയോടുകൂടി നീ വന്നാൽ യഥാർത്ഥ ദൈവാനുഭവം ഞാൻ നിനക്കു നല്കാം. ദൈവാനുഭവത്തിനുവേണ്ടിയുള്ള തന്റെ ആഗ്രഹം ഒരു അത്യാവശ്യമായിരുന്നില്ല എന്ന തിരിച്ചറിവോടെ ആ മനുഷ്യൻ മടങ്ങിപ്പോയി.

**യഥാർത്ഥ സമ്പത്ത്:** ദൈവത്തെ സ്വന്തമാക്കാൻ നിത്യജീവൻ പ്രാപിക്കാൻ കഴിയുന്നവനാണു യഥാർത്ഥ സമ്പന്നൻ എന്നു ലാസർ നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. തന്റെ ദാരിദ്ര്യത്തിലും രോഗത്തിലും പരാതിപ്പെടാത്ത, പരിഭവപ്പെടാത്ത ലാസറിനെ സ്വന്തമാക്കാൻ ദൈവം തന്നെ ഇറങ്ങിവന്നു. ആരും സഹായിക്കാനില്ലാത്തവർക്കു ദൈവം തന്നെ തുണയായി വരും എന്ന പ്രത്യാശയാണു സുവിശേഷം നല്കുന്നത്. സുവിശേഷത്തിലെ യഥാർത്ഥ സമ്പന്നൻ തനിക്കുള്ളതെല്ലാം വിറ്റു ദൈവമെന്ന യഥാർത്ഥ നിധി സ്വന്തമാക്കുന്ന വിവേകിയാണ് (മത്താ. 31, 44). ദൈവം നമുക്കു നല്കിയ സമ്പന്നതയുടെ മേഖലകൾ അത് - അറിവാകാം, കഴിവുകളാകാം, സ്നേഹം, കരുണ, തുടങ്ങി നിരവധിയായ മേഖലകൾ അത് അർഹിക്കുന്ന ആവശ്യക്കാരനുമായി പങ്കുവയ്ക്കുമ്പോഴാണു നാം ദൈവമെന്ന യഥാർത്ഥ സമ്പത്ത് സ്വന്തമാക്കുക. ഉടയവനെത്തന്നെ സ്വന്തമാക്കുന്നവൻ ഉടയവന്റെ ഉടമസ്ഥാവകാശങ്ങളും ലഭിക്കും. അത് ആത്മാഭിഷേകത്തിന്റെ വരദാനഫലങ്ങളുടെ സമൃദ്ധിയാണ്. അവനു വേറെ പണത്തിന്റെ ആവശ്യമില്ല. നമുക്കും ഇതു സ്വന്തമാക്കാൻ സാധിക്കും - ഉള്ളതു വിറ്റുതീർത്താൽ മതി. അതു കാശു കൊടുത്തു വാങ്ങാനും സാധിക്കുകയില്ല (സിയോൻ-അപ്പ. 8, 18-24).

ഒരു രാജ്യത്തു രാജാവ് ഒരു വിളംബരം പുറപ്പെടുവിച്ചു. നാളെ പ്രഭാതത്തിൽ കാഹളം മുഴങ്ങുമ്പോൾ രാജ്യത്തിലെ ജനങ്ങൾക്ക് ഇഷ്ടമുള്ളതു സ്വന്തമാക്കാം. ജനം എന്തു സ്പർശിക്കുന്നുവോ അത് അവരുടെ സ്വന്തമാകും. കാഹളം മുഴങ്ങി ജനം വിലപിടിപ്പുള്ളതു സ്പർശിക്കാൻ ഓട്ടമായി. ചിലർ വലിയ മാളിക, സ്വർണാഭരണങ്ങൾ, അങ്ങനെ വിലപിടിപ്പുള്ള പലതും സ്പർശിച്ചു; അത് അവരുടെ സ്വന്തമായി. എന്നാൽ ഒരു കൊച്ചു പെൺകുട്ടി വന്നു രാജാവിനെത്തന്നെ സ്പർശിച്ചു. കാരണം രാജാവിനെ സ്വന്തമാക്കിയാൽ രാജാവിനുള്ളതെല്ലാം തന്റേതാകുമെന്ന് അവൾക്കറിയാമായിരുന്നു.

**ഉപസംഹാരം:** ധനവാന്റെയും ലാസറിന്റെയും സുവിശേഷകഥ യഥാർത്ഥ ദാരിദ്ര്യത്തെയും യഥാർത്ഥ സമ്പന്നതയെയും വ്യക്തമാക്കുന്നുണ്ട്. ദൈവനീതിക്കു മുന്നിൽ ഈ ലോകത്തിലെ പലരും ദരിദ്രരും ധനവാന്മാരുമാകുന്നതു മത്തായി സുവിശേഷത്തിലെ അന്ത്യവിധിയെക്കുറിച്ചുള്ള വിവരണങ്ങളിൽ നിന്നും വ്യക്തമാണ്. വിശപ്പും ദാഹവും വസ്ത്രവും സ്നേഹവും പരിഗണനയും അർഹിക്കുന്ന പലരെയും നാം കാണാതെ നിസ്സംഗത കാണിച്ചപ്പോൾ യഥാർത്ഥത്തിൽ ദൈവത്തെത്തന്നെയാണു നാം അവഗണിച്ചതും ആട്ടിപ്പുറത്താക്കിയതും. അതു തിരിച്ചറിയുമ്പോഴേക്കും സമയവും കഴിഞ്ഞിരിക്കും. ‘സത്യമായി ഞാൻ നിങ്ങളോടു പറയുന്നു ഈ ഏറ്റവും എളിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നത് (മത്താ. 25, 45). തന്റെ പതിവാതിൽക്കൽ കിടന്നിരുന്ന ലാസറിനെ ഒന്നു നോക്കാൻപോലും മടി കാണിക്കാത്തവനായിരുന്നു ധനവാൻ. പാവപ്പെട്ടവനെ മറക്കുന്നവൻ ദൈവത്തെത്തന്നെയാണു മറക്കുന്നത് (ഫ്രാൻസിസ് പാപ്പ). ദയാവായ്പ് വറ്റിവരണ്ടു തീർത്തും നിസ്സംഗതയോടെ വ്യാപരിച്ച ധനവാനാണു ലാസറിന്റെ മരണത്തിന് ഉത്തരവാദി; ദരിദ്രനോടുള്ള നിസ്സംഗത, മരണകരമായ പാപമായി മാറുന്നു. അത് ഒരുവനെ നിത്യശിക്ഷയ്ക്ക് അർഹനാക്കുന്നു. എന്നാൽ ദരിദ്രനോടുള്ള പരിഗണന ഒരുവനു നിത്യജീവനിലേക്കുള്ള കവാടമായി മാറുന്നു. അവൻ ഈ ലോകത്തിൽവച്ചു തന്റെ കാരുണ്യകണ്ണുകൾകൊണ്ട് അനുഗ്രഹീതനാകും. “ദയാദൃഷ്ടിയുള്ളവന് അനുഗ്രഹീതനാകും. എന്തെന്നാൽ അവൻ തന്റെ ആഹാരം ദരിദ്രനുമായി പങ്കുവയ്ക്കുന്നു” (സുഭാ. 22,9). അതിനാൽ പ്രിയമുള്ളവരേ, ദൈവത്തെ സ്വന്തമാക്കണമെങ്കിൽ ആദ്യമേ ലാസറിനെ സ്വന്തമാക്കണമെന്നു തിരിച്ചറിയാതെ പോയ ഹതഭാഗ്യനായ ധനികനെപ്പോലെയാകാതെ, നമ്മുടെ ജീവിതവും ദൈവം നല്കിയ അനുഗ്രഹങ്ങളും മറ്റുള്ളവരുമായി തുറന്നു പങ്കുവച്ചു യതാർത്ഥ സമ്പന്നരാകാൻ നമുക്കു ശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.